## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- **ആ.വ.ഡ. - ജീവനക്കാര്യം - മികച്ച കായിക താരങ്ങൾക്ക് പബ്ലിക്ക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി - ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം:- 1)കേരള ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ പൊതുഭരണ (സർവ്വീസ് -ഡി) വകുപ്പിന്റെ **16.01.2026** തീയതിയിലെ സ.ഉ.(കൈ) നം. **6/2026/GAD** നമ്പർ ഉത്തരവ്.

**4) 20/05/2006** ലെ സ.ഉ.(കൈ) നം. **127/2006**/പൊഭവ.

**5) 04/07/2023** ലെ സ.ഉ.(കൈ) നം. **103/2023**/പൊഭവ.

6)കത്ത് നം: **DMOH-EKM/7310/2025-A2** തീയതി :**06-03-2026**

**ഉത്തരവ് നം : DHS/1500/2026-ED1 തിയതി : 12-03-2026**

മികച്ച കായിക താരങ്ങൾക്ക് പബ്ലിക്ക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം **2015** മുതൽ **2019** വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിൽ **26** കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിന് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ **2** കായിക താരങ്ങൾക്ക് ക്ലാർക്ക് തസ്തികയിൽ റെഗുലർ നിയമനം നൽകി നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

**2.** ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗാർത്ഥികളുടെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ/സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും, പ്രസ്തുത ഉദ്യോഗാർത്ഥികൾ സജീവ കായികരംഗത്ത് തുടരാൻ ആഗ്രഹിക്കുന്നില്ലന്നും രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കായിക താരങ്ങൾക്ക് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ റെഗുലർ ഒഴിവിൽ **26500 - 60700 രൂ**പ ശമ്പള സ്കെയിൽ നിയമനം

നൽകി ഉത്തരവാകുന്നു.

| ക്രമനമ്പർ | ഉദ്യോഗാർതിഥിയുടെ പേരും മേൽവിലാസവും | കായിക ഇനം | നിയമനം നൽകുന്ന ജില്ല |
|---|---|---|---|
| 1 | **നഹാസ് പി. എ**<br>പുന്നക്കട്ട് ഹൗസ്<br>കലമശ്ശേരി<br>എച്ച്.എം.ടി കോളനി പി.ഒ<br>എറണാകുളം<br>പിൻ – 683503 | ഫുട്ബോൾ | എറണാകുളം |
| 2 | **മാജു കെ ആർ**<br>കല്ലറക്കകുടി ഹൗസ്<br>കിഴക്കെകര<br>മൂവാറ്റുപുഴ പി.ഒ<br>എറണാകുളം<br>പിൻ – 686661 | ഫുട്ബോൾ | എറണാകുളം |

3. മേൽ പ്രകാരം നിയമനം നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ഉചിതമായ സ്ഥാപനത്തിൽ നിയമന ഉത്തരവ് നൽകേണ്ടതും, ടി ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലങ്കിൽ പ്രസ്തുത വിവരം യഥാവിധി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. മേൽ നിയമനം 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ചട്ടം 10 (ii) അനുസരിച്ചാണ്. ടി ചട്ടത്തിലെ റൂൾ 9a(i) അനുസരിച്ച് പ്രസ്തുത നിയമനം പൂർണ്ണമായും താൽക്കാലികവും, ഉദ്യോഗാർത്ഥിയുടെ സ്വഭാവത്തെയും പൂർവ്വ ചരിത്രത്തെയും കുറിച്ചുള്ള അന്വേഷണത്തിന് വിധേയവുംമായിട്ടായിരിക്കും. ആയവ തൃപ്തികരമല്ലെങ്കിൽ മുൻകൂട്ടി അറിയിപ്പില്ലാതെ ഈ നിയമനം അവസാനിപ്പിക്കാനുള്ള അധികാരം നിയമനാധികാരിയിൽ നിക്ഷിപ്തവുമാണ്.

5. ഈ ഉത്തരവ് പ്രകാരമുള്ള നിയമനം 2015-2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിലും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും നിലവിലുള്ള ഹർജികളിന്മേലുള്ള അന്തിമ വിധിന്യായങ്ങൾക്കും വിധേയമായിട്ടായിരിക്കും. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയാണെങ്കിൽ ഈ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

Digitally signed by
M . Abul Kalam
Date: 12-03-2026
16:55:45

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ( രജി. വിത്ത് എ.ഡി.).

പകർപ്പ് : 1) ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം .

2) അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് / പൊതുഭരണ (സർവ്വീസ് ഡി) വകുപ്പ് (ആമുഖ കത്ത് സഹിതം)

3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

4) ഫയൽ / കരുതൽ ഫയൽ

5)ഫയൽ/കരുതൽ ഫയൽ.